"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - ചെങ്ങന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി ചിത്ര പിഡി, നൂൺമീൽ ഓഫീസറായിരുന്ന ശ്രീമതി അനില പിഎസ്, ക്ലർക്ക്, ശ്രീ.അശ്വിൻ ഗോപിനാഥ് എസ്. എന്നിവർക്കെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടർ (ജനറൽ) നെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.10262/2025/GEDN തീയതി,തിരുവനന്തപുരം, 15-12-2025

---

പരാമർശം:-
1. കുറ്റാരോപിതർക്ക് സർക്കാർ നൽകിയ 30/06/2025-ലെ പൊവി-ഡിഎ1/151/2024/പൊ.വി.വ. നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
2. കുറ്റാരോപിതർ സർക്കാരിൽ സമർപ്പിച്ച പ്രതിവാദ പത്രിക
3. 06/10/2025-ലെ സ.ഉ(സാധാ)നം.8055/2025 പൊ.വി.വ
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 07/11/2025- ലെ ഡി.ജി.ഇ/18280/2024-വിഎ4 നമ്പർ കത്ത്

**ഉത്തരവ്**

പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വിജിലൻസ് വിഭാഗം ചെങ്ങന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ 04/09/2024 ൽ നടത്തിയ ആകസ്മിക സന്ദർശനത്തിൽ ഏതാനും ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.ടി ക്രമക്കേടുകൾക്ക് ഉത്തരവാദികളായി കണ്ടെത്തിയ ചെങ്ങന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി.ചിത്ര. പി.ഡി, നൂൺമീൽ ഓഫീസറായിരുന്ന ശ്രീമതി.അനില. പിഎസ്., ക്ലാർക്കായിരുന്ന ശ്രീ.അശ്വിൻ ഗോപിനാഥ് എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വിസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പിലും) ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം(1) പ്രകാരം കുറ്റപത്രവും കുറ്റാരോപണ

പത്രികയും നൽകിയിരുന്നു.ടി കുറ്റപത്രത്തിന്മേൽ കുറ്റാരോപിതർ പരാമർശം (2) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രിക തൃപ്തികരമല്ലാത്തതിനാൽ ടിയാളുകൾക്കെതിരെ അച്ചടക്കനടപടി തുടരുന്നതിന്റെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് പരാമർശം (3) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അക്കൗണ്ട്സ് ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു.

2)എന്നാൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സീനിയർ അക്കൗണ്ട്സ് ഓഫീസർ എന്ന ഒരു തസ്തിക ഇല്ലെന്നും, സീനിയർ ഫിനാൻസ് & അക്കൗണ്ട്സ് ഓഫീസർ എന്ന തസ്തികയാണ് നിലവിലുള്ളതെന്നും നിലവിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ ഡി.ഡി.ഒ-യുടെ ചുമതല ടി സീനിയർ ഫിനാൻസ് & അക്കൗണ്ട്സ് ഓഫീസർക്കാണെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിനെ അറിയിക്കുകയുണ്ടായി.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ചെങ്ങന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി ചിത്ര പിഡി, നൂൺമീൽ ഓഫീസറായിരുന്ന ശ്രീമതി അനില പിഎസ്, ക്ലർക്ക്, ശ്രീ.അശ്വിൻ ഗോപിനാഥ് എസ്. എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും ചട്ടം 15 പ്രകാരമുള്ള അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായ ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടർ (ജനറൽ)നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

4)അന്വേഷണ ഉദ്യോഗസ്ഥൻ ഒരു മാസത്തിനകം റിപ്പോർട്ട് സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ (ജനറൽ) (പരാമർശം (1) കുറ്റപത്രം & കുറ്റാരോപണ പത്രിക, പരാമർശം (2) പ്രതിവാദ പത്രിക എന്നിവയുടെ പകർപ്പുകൾ സഹിതം)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം,തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ (ഫയൽ നം.ഡി.എ1/107/2025/പൊ.വി.വ.)

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 16-12-2025 12:53:22
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എയ്ക്ക്